"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- മലപ്പുറം ജില്ലയിലെ താഴേക്കോട് ഗ്രാമപഞ്ചായത്തിലെ അട്ടീരിപ്പാറ-നിലംപതി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം - റിട്ട. ഓവർസീയർ ശ്രീ. ഫ്രാൻസിസ് എ.പി.-ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.412/2026/LSGD തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 23.05.2016-ലെ E10 (SC 15/15/MPM) 18534/2015 നമ്പർ അന്വേഷണ റിപ്പോർട്ട്
2. വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 12.07.2016-ലെ 5975/ഡി3/2016/വിജി നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.1583/2024/LSGD തീയതി 24.08.2024
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.02.2025-ലെ LSGD/PD/58085/2023-VIGD6 നമ്പർ കത്ത്.
5. 03.11.2025-ലെ EW2/114/2016-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. റിട്ട. ഓവർസീയർ ശ്രീ. ഫ്രാൻസിസ് എ.പി. 17.11.2025 തീയതിയായി സമർപ്പിച്ച മറുപടി.
7. സ.ഉ.(പി)നം.82/2022/ധന തീയതി 04.07.2022

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ താഴേക്കോട് ഗ്രാമപഞ്ചായത്തിലെ അട്ടീരിപ്പാറ-നിലംപതി റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ചതിൽ ക്രമക്കേടും അഴിമതിയും നടന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന സർക്കാരിൽ ലഭ്യമാക്കി. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:-

i. മേൽ റോഡിന്റെ 30 മീറ്റർ നീളമുള്ള പാറ കൊണ്ടുള്ള പാർശ്വ സംരക്ഷണഭിത്തി മൊത്തത്തിൽ തകർന്നു പോയിട്ടുണ്ട്.
ii. ബാക്ക്ഫില്ലിംഗ് നടത്തിയിട്ടുള്ളത് അയഞ്ഞ മണ്ണ് കൊണ്ടായതിനാൽ compaction ഇല്ലാതിരുന്നതാണ് പ്രസ്തുത റോഡ് തകരാൻ കാരണം.

iii. Compaction/consolidation-നുള്ള provision എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
iv. Retaining wall-ന് നല്കിയിരുന്ന cross section lateral thrust തടയുന്നതിന് പര്യാപ്തമായിരുന്നില്ല.

2. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നീന എൽ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മഞ്ജു വി.ആർ., എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിലെ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച്, ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും മലപ്പുറം ജില്ലയിലെ താഴേക്കോട് ഗ്രാമപഞ്ചായത്തിലെ അട്ടീരിപ്പാറ-നിലംപതി റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടത്തുകയായ 3,56,285/- രൂപയുടെ ആനുപാതികവിഹിതമായ 1,18,762/- രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി എൽ. നീനയുടെയും 1,78,143/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മഞ്ജു വി.ആർ.-ന്റെയും ശമ്പളത്തിൽ നിന്നും തിരിച്ചു പിടിച്ചുകൊണ്ടും പരാമർശം (3) പ്രകാരം തീർപ്പാക്കി.

3. തുടർന്ന്, ഇതേ വിഷയത്തിൽ സർക്കാരിനുണ്ടായ നഷ്ടമായ 3,56,285/- രൂപയിൽ കുറ്റാരോപിതനായ റിട്ട. ഓവർസീയർ ശ്രീ. ഫ്രാൻസിസ് എ.പി.-യുടെ ആനുപാതിക വിഹിതമായ 59,381/- രൂപ ടിയാളുടെ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽനിന്നോ സർക്കാരിലേക്ക് ഈടാക്കാതിരിക്കുന്നതിന് കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ടിയാൾക്ക് പരാമർശം (5) കാരണം കാണിക്കൽ നോട്ടീസ് നൽകി. തന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം 59,381/- രൂപ അടയുന്നതുവരെ കുറവുചെയ്യുന്നതിന് തനിക്ക് സമ്മതമാണ് എന്നാണ് റിട്ട. ഓവർസീയർ ശ്രീ. ഫ്രാൻസിസ് എം.പി. പരാമർശം (6) പ്രകാരം അറിയിച്ചിരിക്കുന്നത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം കുറവുചെയ്യുന്നപക്ഷം ഏകദേശം 10 വർഷം കൊണ്ടുമാത്രമേ 59,381/- രൂപ ഈടാക്കുവാൻ സാധിക്കുകയുള്ളൂ എന്നാൽ സർക്കാരിനുണ്ടായ നഷ്ടം മുഴുവനായും അടിയന്തരമായി ഈടാക്കേണ്ടതുണ്ട്. ആയതിനാൽ മലപ്പുറം ജില്ലയിലെ താഴേക്കോട് ഗ്രാമപഞ്ചായത്തിലെ അട്ടീരിപ്പാറ-നിലംപതി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടമായ 3,56,285/- രൂപയിൽ റിട്ട. ഓവർസീയർ ശ്രീ. ഫ്രാൻസിസ് എം.പി.-യുടെ ആനുപാതിക വിഹിതമായ 59,381/- രൂപ ധനകാര്യവകുപ്പിന്റെ പരാമർശം 7 സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽനിന്നോ ഈടാക്കേണ്ടതാണ്. ടിയാൾക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(b) പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ ഫ്രാൻസിസ് എ.പി., റിട്ട. ഓവർസീയർ, ആറാട്ടുകുളം ഹൗസ്, പൊള്ളേത്തൈ പി.ഒ., ആലപ്പുഴ - 688522 **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരം തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിനായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. വിജിലൻസ് (ഡി) വകുപ്പ് (31.07.2024-ലെ VIG-D3/121/2024-VIG പ്രകാരം)
5. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ (EW2/114/2016-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 17-02-2026 15:55:14
സെക്ഷൻ ഓഫീസർ